പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 318 07.08.2017 -ൽ മറുപടിക്ക്.

## പുതിയ റേഷൻ കാർഡിൽ വന്ന അപാകതകൾ

| ചോദ്യം<br>**ശ്രീ.എം. രാജഗോപാലൻ** | മറുപടി<br>**ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
|---|---|
| (എ) കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്ത പുതിയ റേഷൻ കാർഡുകളിൽ വ്യാപകമായ തോതിൽ അപാകതകൾ ഉള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;<br>(ബി) ബി.പി.എൽ/എ.പി.എൽ അപാകതകൾ പരിഹരിക്കുന്നതിനും ഉയർന്ന വരുമാനമുള്ള സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവർ ബി.പി.എൽ-ൽ ഉൾപ്പെട്ട് ആനുകൂല്യങ്ങൾ പറ്റുന്നത് തടയുന്നതിനും ഉള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (എ) & (ബി) ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻഗണന പട്ടികയിൽ നിന്നും സ്വമേധയാ ഒഴിവാകുന്നതിന് അപേക്ഷ സമർപ്പിച്ചവരെയും, റേഷൻ കട ഉടമകൾ, സംഘടനകൾ, വ്യക്തികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവ വഴി ലഭിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അനർഹരാണെന്ന് കണ്ടെത്തിയവരെയും മുൻഗണന പട്ടികയിൽ നിന്നും ഒഴിവാക്കി പൊതു വിഭാഗമാക്കി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കൂടാതെ 20.08.17-നകം മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട എല്ലാ സർക്കാർ/പൊതു മേഖല/ സഹകരണ മേഖല ഉദ്യോഗസ്ഥർ/അദ്ധ്യാപകർ എന്നിവർ സ്വയം ഒഴിഞ്ഞു പോകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അല്ലാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ